# Police Commissionerate Kochi

**കാമുകിയോടൊപ്പം ജീവിക്കുന്നതിനു വേണ്ടി ഭാര്യയെ കൊലപ്പെടുത്തിയ ഭർത്താവും കാമുകിയും അറസ്റ്റിൽ.**



ഉദയംപേരൂർ നടക്കാവ് അമേട അമ്പലത്തിന് സമീപം വാടകയ്ക്കു താമസിക്കുന്ന ചങ്ങനാശ്ശേരി ഇത്തിത്താനം കൊല്ലമറ്റം വീട്ടിൽ കരുണാകരൻ പിള്ള മകൻ പ്രേംകുമാർ കാമുകിയോടൊപ്പം ജീവിക്കുന്നതിന് വേണ്ടി ഭാര്യയെ കൊലപ്പെടുത്തി. തമിഴ്നാട് തിരുനെൽവേലി ഹൈവേയുടെ അരുകിൽ ഉപേക്ഷിച്ച കാര്യത്തിന് ഭർത്താവ് പ്രേംകുമാറിനെയും കാമുകിയെയും ഡെപ്യൂട്ടി കമ്മീഷണർ G പൂങ്കുഴലി IPS ന്റ നേതൃത്വത്തിലുള്ള അന്വേഷണസംഘം അറസ്റ്റ് ചെയ്തു. പ്രേംകുമാർ 20/09/2019 തീയതി 1:00 മണിയോട്കൂടി ഭാര്യയെ നടക്കാവ് അമേട അമ്പലത്തിനടുത്തുള്ള വാടക വീട്ടിൽ നിന്നും തിരുവനന്തപുരത്ത് കൊണ്ടുപോയി 21/09/2019 തീയതി പുലർച്ചെ 2:00 മണിയോട്കൂടി കൊലപ്പെടുത്തി മൃതദേഹം തിരുനെൽവേലി ഹൈവേയിൽ ഉപേക്ഷിച്ചശേഷം 23/09/2019 തീയതി വൈകിട്ട് സ്റ്റേഷനിൽ ഹാജരായി ടിയാന്റെ ഭാര്യയെ കാണാനില്ലെന്ന് പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ഉദയംപേരൂർ സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ ബഹു:കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ബഹു: ഡെപ്യൂട്ടി കമ്മീഷണറുടെയും തൃക്കാക്കര പോലീസ് അസ്സി: കമ്മീഷണറുടെയും നിർദ്ദേശാനുസരണം നടത്തിയ അന്വേഷണത്തിൽ ഉദയംപേരൂർ നടക്കാവ് അമേട അമ്പലത്തിന് സമീപം വാടകയ്ക്കു താമസിക്കുന്ന ചങ്ങനാശ്ശേരി ഇത്തിത്താനം കൊല്ലമറ്റം വീട്ടിൽ കരുണാകരൻ പിള്ള മകൻ പ്രേംകുമാർ കാമുകിയോടൊപ്പം ജീവിക്കുന്നതിന് വേണ്ടി ടിയാൻ ഭാര്യയെ കുടുംബമായി വാടകയ്ക്ക് താമസിച്ചിരുന്ന നടക്കാവ് അമേട അമ്പലത്തിന് സമീപമുള്ള തയ്യിൽ വീട്ടിൽ നിന്നും 29/09/2019 തീയതി 1:00 മണിയോടുകൂടി ടിയാന്റെ ഭാര്യയായ 48 വയസ്സുള്ള വിദ്യയെ ടിയാളുടെ

അസുഖത്തിന് തിരുവനന്തപുരത്ത് പോയി ചികിൽസ നടത്താം എന്നു പറഞ്ഞു വിശ്വസിപ്പിച്ച ശേഷം വിദ്യയുമായി തിരുവനന്തപുരത്ത് എത്തി. ടിയാൻ വാടകയ്ക്ക് എടുത്ത വെള്ളറട സ്വദേശിയോടൊപ്പം താമസിച്ചു വന്നിരുന്ന പേയാട് ഗ്രാന്റ് ടെക് വില്ലയിൽ (S-26) എത്തിച്ച് വിദ്യക്ക് അമിതമായി മദ്യം നൽകി മയക്കിയ ശേഷം 21/09/2019 തീയതി പുലർച്ചെ 2:00 മണിയോട്കൂടി ഒരു കയറു കൊണ്ട് കഴുത്തിൽ ചുറ്റി വലിച്ചു മുറുക്കി കൊലപ്പെടുത്തി. തുടർന്ന് ഒരു കാറിൽ ടിയാനും കാമുകിയും കൂടി മൃതദേഹം തിരുനെൽവേലി ഹൈവേയുടെ അരികിൽ ആളൊഴിഞ്ഞ സ്ഥലത്ത് ഉപേക്ഷിക്കുകയായിരുന്നുയെന്നു അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. തമിഴ്നാട് പോലീസ് തിരുനെൽവേലിയിൽ നിന്നും അനാഥമൃതദേഹം ലഭിച്ചിരുന്നുവെന്നും ആയതിന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഡെപ്യൂട്ടി കമ്മീഷണർ G പൂങ്കഴലി IPS ന്റ നേതൃത്വത്തിൽ കൊച്ചി സിറ്റി സൈബർസെല്ലിന്റെയും തൃക്കാക്കര അസിസ്റ്റന്റ് കമ്മീഷണറുടെ ക്രൈം സ്ക്വാഡിന്റെയും സഹായത്തിൽ നടത്തിയ അന്വേഷണസംഘത്തിൽ - തൃക്കാക്കര എ സി പി ശ്രീ.വിശ്വനാഥൻ IPS, ഉദയംപേരൂർ ഇൻസ്പെക്ടർ കെ. ബാലൻ,എസ്.ഐ.മാരായ സാബു മാത്യു, പ്രസന്ന പൗലോസ്, മധുസൂദനൻ , എഎസ്.ഐ.മാരായ രാജീവ്, റോബർട്ട്, ബിനു, അനിൽകുമാർ, ദിലീപ് കുമാർ, സീനിയർ സി.പി.ഒമാരായ സന്തോഷ് എം.ജി., ഡിനിൽ,, ജോസ്, സി.പി.ഒ മാരായ സജിത്ത് പോൾ, ദീപ, രജനി, സൈബർ സെൽ സി പി.ഒ മാരായ രാഹുൽ, മഹാദേവൻ എന്നിവരായിരുന്നു.